**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 6295 20.11.2019 -ൽ മറുപടിക്ക്

ഒഡെപെക് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

| **ചോദ്യം**<br>ശ്രീ.എം.സ്വരാജ് | **ഉത്തരം**<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒഡെപെക് മുഖേന എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഡെപെകിൽ നഴ്സുമാർക്ക് യു.കെ.യിലെ NHS ട്രസ്റ്റ് ഹോസ്പിറ്റലുകളിൽ ജോലി ചെയ്യാൻ അവസരമൊരുക്കുന്ന 'ഗ്ലോബൽ ലേണേഴ്സ് പ്രോഗ്രാം' എന്ന പദ്ധതിയ്ക്ക് തുടക്കമിട്ടു. വിദേശതൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ നഴ്സുമാരെ പ്രാപ്തരാക്കുന്നതിന് വേണ്ട അടിസ്ഥാന യോഗ്യതകളായ IELTS, OET എന്നിവയ്ക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലനകേന്ദ്രങ്ങൾ തിരുവനന്തപുരം, എറണാകുളം, ഡൽഹി എന്നിവിടങ്ങളിൽ ആരംഭിക്കുകയും ഇതിനായി ട്രെയിനിംഗ് ഡിവിഷൻ ആരംഭിക്കുകയും ചെയ്തു. വിദേശ/ആഭ്യന്തര വിനോദയാത്രാ പാക്കേജ് ടൂറുകൾ സംഘടിപ്പിക്കുന്നതിന് ടൂർ ഡിവിഷൻ ആരംഭിച്ചു. മാലിദ്വീപ് ആരോഗ്യമന്ത്രാലയത്തിലേയ്ക്ക് ഹെൽത്ത്കെയർ പ്രൊഫഷണൽസിനെ റിക്രൂട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. |

**സെക്ഷൻ ഓഫീസർ**